ഭരണഭാഷ-മാതൃഭാഷ

**മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**മൃഗസംരക്ഷണ വകുപ്പ് - ഡയറക്ടറേറ്റ് - വികാസ് ഭവൻ,**
**തിരുവനന്തപുരം**
**(ഹാജർ : ഡോ എം.സി.റെജിൽ IAS)**

**മൃഗസംരക്ഷണ വകുപ്പ് - ജീവനകാര്യം - ഹെഡ്ക്ലർക്ക് തസ്തികയിലെ ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

| | |
|---|---|
| നമ്പർ - AHD/7444/2023-K3 | തീയതി:14-01-2026 |

പരാമർശം: 1) ജി ഒ (പി) നമ്പർ 27/2021/ധന തീയതി: 10/02/2021

**ഉത്തരവ്**

മൃഗസംരക്ഷണ വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി നോക്കിയിരുന്ന ശ്രീ.ബാസ്റ്റിൻ സ്കറിയ 1/12/2025 മുതൽ വിരമിക്കലിന് മുന്നോടിയായുള്ള അവധിയിൽ പ്രവേശിച്ചത് മുഖാന്തരവും, ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി.ബിന്ദു.എസ്.കെ ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖാന്തരവും മൃഗസംരക്ഷണ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

പ്രസ്തുത ഒഴിവുകളിലേക്ക് 01/08/2025 അടിസ്ഥാനമാക്കിയുള്ള ഹെഡ് ക്ലാർക്കുമാരുടെ അന്തിമ മുൻഗണന പട്ടികയിൽ ഉൾപ്പെട്ട ഏറ്റവും സീനിയറായ 2 പേർക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

01/08/2025 അടിസ്ഥാനമാക്കിയുള്ള ഹെഡ് ക്ലാർക്കുമാരുടെ അന്തിമ മുൻഗണന പട്ടികയിലെ ക്രമനമ്പർ 1 ശ്രീ. ബിജു കെ ടി , പെൻ : 262034, ഹെഡ് ക്ലർക്ക്, ആർ എ എച്ച് സി ചേർപ്പ് , തൃശ്ശൂർ

, ക്രമനമ്പർ 2. ശ്രീമതി. സ്വപ്ന ഡാനിയൽ , പെൻ : 229193 ഹെഡ് ക്ലർക്ക്, ആർ എ എച്ച് സി തൊടുപുഴ , ഇടുക്കി എന്നീ ജീവനക്കാർക്കാണ് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിക്കേണ്ടത്. ടി ജീവനക്കാർക്കെതിരെ വകുപ്പിൽ വിജിലൻസ് കേസോ, മറ്റ് അച്ചടക്ക നടപടികളോ നിലവിലില്ല.

മേൽസാഹചര്യത്തിൽ മൃഗസംരക്ഷണ വകുപ്പിൽ നിലവിലുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ 2 ഒഴിവുകളിലേക്ക് 01/08/2025 അടിസ്ഥാനമാക്കിയുള്ള ഹെഡ് ക്ലാർക്കുമാരുടെ അന്തിമ മുൻഗണന പട്ടികയിൽ പേര് ചേർത്തിട്ടുള്ള ഏറ്റവും സീനിയറായ 2 ഹെഡ് ക്ലർക്ക്മാർക്ക് ഭരണസൗകര്യാർത്ഥം 1958 ലെ കെ എസ് & എസ് എസ് ആർ ജനറൽ റൂളിലെ 28 (ബി) (II) റൂൾ പ്രകാരം 43400-1100-47800-1200-52600-1300-56500-1400-60700-1500-65200-1600-70000-1800-79000-2000-89000-2200-91200 രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ടുമാരായി ഉദ്യോഗക്കയറ്റം അനുവദിച്ച് ഭരണസൗകര്യാർത്ഥം പേരിന് നേരെ കൊടുത്തിട്ടുള്ള സ്ഥാപനത്തിൽ നിയമിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| **ക്രമ നമ്പർ** | **സീനിയോറിറ്റി ലിസ്റ്റ് ക്രമ നമ്പർ,പേര്, പെൻ** | **നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം** | **ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം** | **റിമാർക്സ്** |
|---|---|---|---|---|
| 1 | 1, ശ്രീ. ബിജു കെ ടി , പെൻ : 262034 | പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം, ചേർപ്പ് | ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കോഴിക്കോട് | ശ്രീ. ബാസ്റ്റിൻ സ്കറിയ, ജൂനിയർ സൂപ്രണ്ട്, വിരമിക്കലിന് മുന്നോടിയായുള്ള അവധിയിൽ പ്രവേശിച്ചത് മുഖാന്തിരം വന്ന ഒഴിവ്. |
| | 2, ശ്രീമതി. സ്വപ്ന | പ്രാദേശിക | മൃഗസംരക്ഷണ | ശ്രീമതി. ബിന്ദു.എസ്.കെ ജൂനിയർ സൂപ്രണ്ടിന് |

| | | | | |
|---|---|---|---|---|
| 2 | ഡാനിയൽ , പെൻ : 229193 | മൃഗസംരക്ഷണ കേന്ദ്രം, ഇടുക്കി | വകുപ്പ് ഡയറക്ടറേറ്റ് തിരുവനന്തപുരം | ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖാന്തിരം വന്ന ഒഴിവ് |

മേൽപ്പറഞ്ഞ ജീവനക്കാർ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷത്തെ യോഗ്യസേവനകാലം പ്രൊബേഷനിലായിരിക്കും.

ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ള ജീവനക്കാരെ നിയന്ത്രണോദ്യോഗസ്ഥർ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, പ്രസ്തുത വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Digitally signed by
Dr M C Rejil
Date: 14-01-2026
17:22:59

Dr M C REJIL IAS
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ

സ്വീകർത്താവ്

1) ബന്ധപ്പെട്ട ജീവനക്കാർക്ക് നിയന്ത്രണോദ്യോഗസ്ഥൻ മുഖേന

<u>പകർപ്പ്:</u>

1) എല്ലാ വകുപ്പ് തല ഓഫീസർമാർക്കും
2) ഡയറക്ടറേറ്റിലെ എല്ലാ ഓഫീസർമാർക്കും , എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
3) സി എ ( ഡയറക്ടർ/ അഡീഷണൽ ഡയറക്ടർ/ എസ് എ ഒ)
4) ഐ ടി സെക്ഷൻ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) ജെ സെക്ഷൻ സൂപ്രണ്ട്/ ജെ 1 സീറ്റ് ( സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നതിന്)

6) കരുതൽ ഫയൽ കെ 3 സീറ്റ്